**മധുരമായ കുട്ടികളെ– എല്ലാവരേയും ആശീർവദിക്കുന്ന ആനന്ദസാഗരൻ ഒരേയൊരു ബാബയാണ്, ബാബയേ തന്നേയാണ് ദു:ഖഹർത്താ, സുഖകർത്താ എന്ന് പറയുന്നത്, ബാബയ്ക്കല്ലാതെ മറ്റാർക്കും ദു:ഖത്തെ ഇല്ലാതാക്കാൻ സാധിക്കില്ല.**

**ചോദ്യം–** ഭക്തിമാർഗ്ഗത്തിലും ജ്ഞാനമാർഗ്ഗത്തിലും ദത്തെടുക്കുന്ന രീതി ഉണ്ട്, എന്നാൽ വ്യത്യാസമെന്താണ് ?
**ഉത്തരം** –ഭക്തിമാർഗ്ഗത്തിൽ ആരോടെങ്കിലുമൊപ്പം ദത്ത് നിൽക്കുകയാണെങ്കിൽ ഗുരുവും ശിഷ്യനും എന്ന സംബന്ധം ഉണ്ടാകുന്നു, സന്യാസിമാർ ദത്തെടുക്കപ്പെടുകയാണെങ്കിൽ സ്വയത്തെ പിൻഗാമിമാർ എന്ന് പറയും, എന്നാൽ ജ്ഞാനമാർഗ്ഗത്തിൽ നിങ്ങൾ പിൻഗാമികളോ ശിഷ്യരോ അല്ല. നിങ്ങൾ ബാബയുടെ മക്കളാകുന്നു. മക്കളാകുക എന്നാൽ സമ്പത്തിന് അധികാരിയാകുക.

**ഗീതം** –ഓം നമ:ശ്ശിവായ......

**ഓംശാന്തി**. കുട്ടികൾ ഗീതം കേട്ടില്ലേ. ഇത് പരമപിതാപരമാത്മാ ശിവന്റെ മഹിമയാണ്. ശിവായേ നമ:എന്ന് പറയാറുമുണ്ട്. രുദ്രായ നമ:,അല്ലെങ്കിൽ സോമനാഥ നമ: എന്ന് പറയാറില്ല. ശിവായ നമ: എന്ന് പറയുന്നു ധാരാളം സ്തുതിയും ശിവനാണ് ഉള്ളത്. ഇപ്പോൾ ശിവായ നമ: എന്നത് അച്ഛനാണ്. ശിവൻ എന്ന് ഗോഡ്ഫാദറിന്റെ പേരാണ്. ശിവൻ നിരാകാരനാണ്. ഓ ഗോഡ്ഫാദർ എന്ന് ആരാണ് പറഞ്ഞത് ?ആത്മാവ്. ഓ ഫാദർ എന്ന് മാത്രമാണ് പറഞ്ഞത് എങ്കിൽ അത് ശരീരത്തിന്റെ അച്ഛനാകും. ഓ ഗോഡ്ഫാദർ, എന്ന് പറയുന്നതിലൂടെ ആത്മാവിന്റെ അച്ഛനാകുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ദേവതമാരെ പവിഴ ബുദ്ധികൾ എന്ന് പറയാറുണ്ട്. ദേവതമാർ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ അധികാരികളൊന്നും ഇല്ല. ഭാരതത്തിന് നാഥനായി ആരും തന്നെ ഇല്ല. രാജാവിനേയും പിതാവ്, അന്നദാതാവ് എന്ന് പറയുന്നു. ഇപ്പോൾ രാജാക്കന്മാർ ഇല്ല. അപ്പോൾ ഈ ശിവായേ നമ: എന്ന് ആരാണ് പറഞ്ഞത് ? ഇത് അച്ഛനാണ് എന്ന് എങ്ങിനെ മനസിലായി? ബ്രഹ്മാകുമാർ –കുമാരിമാർ ധാരാളമുണ്ട്. ഇവർ ശിവബാബയുടെ പൗത്ര പൗത്രിമാരാണ്. ബ്രഹ്മാവിലൂടെ ഇവരെ ദത്തെടുക്കുന്നു. ഞങ്ങൾ ബ്രഹ്മാകുമാർ–കുമാരിമാരാണ് എന്ന് എല്ലാവരും പറയുന്നു. ശരി, ബ്രഹ്മാവ് ആരുടെ കുട്ടിയാണ് ?ശിവന്റെ. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ മൂന്ന് പേരും ശിവന്റെ കുട്ടികളാണ്. ശിവബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്, നിരാകാരി വതനത്തിൽ വസിക്കുന്നവനാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ സൂക്ഷ്മവതനവാസികളാണ്. ശരി, മനുഷ്യ സൃഷ്ടി എങ്ങിനെ രചിച്ചു ? ഡ്രാമയനുസരിച്ച് ബ്രഹ്മാവിന്റെ ശരീരത്തിൽ ഞാൻ പ്രവേശിച്ച് ഇദ്ദേഹത്തെ പ്രജാപിതാവാക്കുന്നു എന്ന് പറയുന്നു. ബ്രഹ്മാ എന്ന് പേര് നൽകിയ ഇദ്ദേഹത്തിൽ തന്നേയാണ് എനിക്ക് പ്രവേശിക്കേണ്ടത്. ദത്തെടുത്തതിന് ശേഷം പേര് മാറ്റുന്നു. സന്യാസിമാരും പേര് മാറ്റുന്നു. ആദ്യം ഗൃഹസ്ഥികളുടെ അടുക്കൽ ജന്മമെടുക്കുന്നു പിന്നീട് സംസ്ക്കാരമനുസരിച്ച് ചെറുപ്പത്തിൽ തന്നെ ശാസ്ത്രങ്ങളും മറ്റും പഠിക്കുന്നു, പിന്നെ വൈരാഗ്യം വരുന്നു.സന്യാസിമാരുടെ അടുക്കൽ ചെന്ന് ദത്ത് നിൽക്കുന്നു, ഇത് എന്റെ ഗുരുവാണെന്ന് പറയുന്നു. അവരെ അച്ഛൻ എന്ന് പറയില്ല. ഗുരുവിന്റെ ശിഷ്യൻ അല്ലെങ്കിൽ പിൻഗാമിയാകുന്നു. നിങ്ങൾ ഞങ്ങളുടെ ശിഷ്യനാണ് അഥവാ പിൻഗാമിയാണെന്ന് പറഞ്ഞ് ശിഷ്യരെ ദത്തെടുക്കുന്നു. ഈ ബാബ പറയുന്നു നിങ്ങൾ എന്റെ കുട്ടികളാണ്. നിങ്ങൾ ആത്മാക്കൾ ഭക്തിമാർഗ്ഗം മുതൽ വിളിച്ച് വരുന്നു, കാരണം ഇവിടെ ദു:ഖം വളരെ ഉണ്ട്, രക്ഷിക്കൂ രക്ഷിക്കൂ എന്ന് പറഞ്ഞ് കൊണ്ടിരിക്കുന്നു. പതിതപാവനനായ ബാബ ഒന്ന് മാത്രമാണ്. നിരാകാരനായ ശിവനെ ആത്മാവ് നമസ്ക്കരിക്കുന്നു.അതിനാൽ അച്ഛൻ തന്നേയാണ്. 'അങ്ങ് തന്നെ മാതാവും പിതാവും' ഇതും ഗോഡ്ഫാദറെ കുറിച്ച് തന്നെയാണ് പാടുന്നത്. അച്ഛനാണെങ്കിൽ തീർച്ചയായും അമ്മയും ഉണ്ടാകും. അച്ഛനും അമ്മയും ഇല്ലാതെ രചനയുണ്ടാകുന്നില്ല. അച്ഛന് കുട്ടികൾക്ക് സമീപം എത്തുക തന്നെ വേണം. ഈ സൃഷ്ടി ചക്രം എങ്ങിനെ ആവർത്തിക്കുന്നു, ഇതിന്റെ ആദി, മദ്ധ്യ, അന്ത്യത്തെ അറിയണം – ഇതിനേയാണ് ത്രികാല ദർശിയാകുക എന്ന് പറയുന്നത്. ഇത്രയും കോടിക്കണക്കിന് ആത്മാക്കളാണ്, ഓരോരുത്തരുടെ പാർട്ടും അവരവരുടേതാണ്. ഇത് പരിധിയില്ലാത്ത നാടകമാണ്. ബാബ പറയുന്നു ഞാൻ രചയിതാവാണ്, സംവിധായകനാണ്, പ്രധാന അഭിനേതാവാണ്. അഭിനയിച്ച് കൊണ്ടിരിക്കുകയല്ലേ. എന്റെ ആത്മാവിനെ സുപ്രീം എന്ന് പറയുന്നു. ആത്മാവിന്റേയും പരമാത്മാവിന്റേയും രൂപം ഒന്ന് തന്നേയാണ്. വാസ്തവത്തിൽ ആത്മാവ് ബിന്ദുവാണ്. ഭൃകുടി മദ്ധ്യത്തിൽ ആത്മാവാകുന്ന നക്ഷത്രം വസിക്കുന്നു. പൂർണമായും സൂക്ഷ്മമാണ്. അതിനെ കാണാൻ സാധിക്കില്ല.

ആത്മാവ് സൂക്ഷ്മമാണെങ്കിൽ ആത്മാവിന്റെ അച്ഛനും സൂക്ഷ്മമാണ്. ബാബ മനസ്സിലാക്കിതരുന്നു നിങ്ങൾ ആത്മാക്കൾ ബിന്ദുസമാനമാണ്. ഞാൻ ശിവനും ബിന്ദുസമാനമാണ്. എന്നാൽ ഞാൻ പരമമായ രചയിതാവും സംവിധായകനും ആണ്. ജ്ഞാനസാഗരനാണ്. എന്നിൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ഞാൻ ജ്ഞാനസാഗരനും, ശാന്തിസാഗരനും, എല്ലാവരിലും ആശീർവ്വാദം ചൊരിയുന്നവനുമാണ്. എല്ലാവരേയും സദ്ഗതിയിലേക്ക് കൊണ്ട് പോകുന്നു. ദു:ഖഹർത്താവും, സുഖകർത്താവും ഒരേയൊരു ബാബയാണ്. സത്യയുഗത്തിൽ ആരും ദു:ഖികളല്ല. ലക്ഷ്മീ നാരായണന്റെ രാജ്യമാണ്.

ബാബ മനസിലാക്കി തരുന്നു ഞാൻ ഈ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജരൂപമാണ്. മാങ്ങയുടെ വൃക്ഷമുണ്ട്, അത് ജഡബീജമാണ്, അത് സംസാരിക്കില്ല എന്ന് മനസിലാക്കൂ. ജീവനുണ്ടെങ്കിൽ എന്റെ വിത്തിൽ നിന്ന് ഇങ്ങിനെ കൊമ്പും ചില്ലകളും, ഇലകളും വരുന്നു എന്ന് പറയുന്നു ഇപ്പോൾ ഇത് ചൈതന്യമാണ്, ഇതിനെ കൽപ്പവൃക്ഷം എന്ന് പറയുന്നു. മനുഷ്യസൃഷ്ടീ വൃക്ഷത്തിന്റെ ബീജം പരമപിതാ പരമാത്മാവാണ്. ബാബ പറയുന്നു ഞാൻ തന്നേയാണ് വന്ന് ഈ ജ്ഞാനം മനസിലാക്കി തരുന്നത്, കുട്ടികളെ സദാ സുഖികളാക്കുന്നു. മായയാണ് ദു:ഖികളാക്കുന്നത്. ഭക്തിമാർഗ്ഗത്തിന് പൂർത്തിയാകണം. ഡ്രാമയ്ക്ക് തീർച്ചയായും കറങ്ങണം. ഇത് പരിധിയില്ലാത്ത ലോകത്തിന്റെ ഹിസ്റ്ററി ജ്യോഗ്രഫിയാണ്. ചക്രം കറങ്ങി കൊണ്ടിരിക്കുന്നു. കലിയുഗം മാറി പിന്നീട് സത്യയുഗമുണ്ടാകുന്നു. സൃഷ്ടി ഒന്ന് തന്നേയാണ്. ഗോഡ്ഫാദറും ഒന്ന് തന്നെ. ഈ ഗോഡ്ഫാദറിന് അച്ഛനില്ല. ടീച്ചറും ആണ്, പഠിപ്പിച്ച് കൊണ്ടിരിക്കുന്നു. ഭഗവാൻ പറയുന്നു – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ആളുകൾ മാതാപിതാക്കളെ അറിയുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം നിരാകാരനായ ശിവബാബയുടെ നിരാകാരീ കുട്ടികളാണ് ഞങ്ങൾ എന്ന്. പിന്നെ സാകാരീ ബ്രഹ്മാവിന്റേയും കുട്ടികളാണ്. നിരാകാരരായ കുട്ടികൾ എല്ലാവരും സഹോദരന്മാരാണ്, ബ്രഹ്മാവിന്റെ മക്കൾ സഹോദരീ സഹോദരരാണ്.ഇതാണ് പവിത്രമിയിരക്കുന്നതിനുള്ള യുക്തി. സഹോദരനും സഹോദരിയും എങ്ങിനെ വികാരത്തിൽ പോകും. വികാരം അഗ്നിയല്ലേ ഉണ്ടാക്കുന്നത്. കാമാഗ്നി എന്ന് പറയാറുണ്ട്, അതിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള യുക്തി ബാബ പറഞ്ഞ് തരുന്നു. പ്രാപ്തി വളരെ ഉയർന്നതാണ്. നമ്മൾ ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ പരിധിയില്ലാത്ത അച്ഛന്റെ സമ്പത്ത് നേടും. ഓർമ്മയിലൂടെ തന്നേയാണ് എവർഹെൽത്തിയാകുന്നത്. പ്രാചീന ഭാരതത്തിന്റെ യോഗം പ്രസിദ്ധമാണ്. ബാബ പറയുന്നു എന്നെ ഓർമ്മിച്ചോർമ്മിച്ച് നിങ്ങൾ പവിത്രമായി മാറും, പാപം ഭസ്മമാകും. ബാബയുടെ ഓർമ്മയിലൂടെ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ എന്റെ അടുക്കൽ വരും. ഈ പഴയ ലോകം അവസാനിക്കും. ഇത് അതേ ഭാരതയുദ്ധമാണ്. ആരാണോ ബാബയുടേതാകുന്നത് അവർക്ക് തന്നേയാണ് വിജയം ഉണ്ടാകുന്നത്. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നതിന് വേണ്ടി ഭഗവാൻ രാജയോഗം പഠിപ്പിക്കുന്നു. പിന്നീട് മായാ രാവണൻ നരകത്തിന്റെ അധികാരിയാക്കുന്നു. അത് ശാപം പോലേയാണ്.

ബാബ പറയുന്നു – അതിസ്നേഹികളായ കുട്ടികളേ, എന്റെ മതത്തിലൂടെ നിങ്ങൾ സ്വർഗ്ഗവാസികളാകൂ. പിന്നീട രാവണരാജ്യമാരംഭിക്കുമ്പോൾ രാവണൻ പറയുന്നു – ഹേ ഈശ്വരന്റെ മക്കളേ, നരകവാസിയാകൂ. നരകത്തിന് ശേഷം തീർച്ചയായും സ്വർഗ്ഗം വരണം. ഇത് നരകമല്ലേ. എത്ര കലഹങ്ങളാണ് നടക്കുന്നത്. സത്യയുഗത്തിൽ വഴക്കും യുദ്ധവും ഉണ്ടാകുന്നില്ല. ഭാരതം തന്നേയായിരുന്നു സ്വർഗ്ഗം, മറ്റ് രാജ്യമൊന്നുമില്ലായിരുന്നു. ഇപ്പോൾ ഭാരതം നരകമാണ്, അനേകധർമ്മങ്ങളുണ്ട്. അനേക ധർമ്മത്തിന്റെ സ്ഥാപനയും ഒരു ധർമ്മത്തിന്റെ വിനാശവും നടത്തുന്നതിന് എനിക്ക് വരേണ്ടതുണ്ട് എന്ന് പാടിയിട്ടുണ്ട്. ഞാൻ ഒരേയൊരു തവണ അവതരിക്കുന്നു. ബാബയ്ക്ക് പതിത ലോകത്ത് വരേണ്ടി വരുന്നു. പഴയ ലോകം അവസാനിക്കുമ്പോഴാണ് വരുന്നത്. അതിന് വേണ്ടി യുദ്ധവും വേണം.

ബാബ പറയുന്നു – മധുരമായ കുട്ടികളേ, നിങ്ങൾ അശരീരിയായിട്ടാണ് വന്നത്, 84 ജന്മത്തെ പാർട്ടെടുത്തു, ഇപ്പോൾ തിരിച്ച് പോകണം. ഞാൻ നിങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കി തിരികെ കൊണ്ട് പോകുന്നു. കണക്കില്ലേ. 5000 വർഷത്തിൽ  ദേവതമാർ 84 ജന്മം എടുക്കുന്നു. എല്ലാവരും 84 ജന്മം എടുക്കുന്നില്ല. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിച്ച് സമ്പത്തെടുക്കൂ. സൃഷ്ടിയുടെ ചക്രം ബുദ്ധിയിൽ കറങ്ങണം. നമ്മൾ അഭിനേതാക്കളല്ലേ. അഭിനേതാവായി ഡ്രാമയിലെ രചയിതാവിനേയും, സംവിധായകനേയും, നായകനേയും അറിയുന്നില്ലെങ്കിൽ ബുദ്ധിഹീനനായിരിക്കും. ഇതിലൂടെ ഭാരതം എത്ര ദരിദ്രമായിപ്പോയി. വീണ്ടും ബാബ വന്ന് സമ്പന്നമാക്കുന്നു. ബാബ മനസിലാക്കി തരുന്നു നിങ്ങൾ ഭാരതവാസികൾ സ്വർഗ്ഗത്തിലായിരുന്നു പിന്നീട് നിങ്ങൾക്ക് തീർച്ചയായും 84 ജന്മം എടുക്കേണ്ടി വരുന്നു. ഇപ്പോൾ നിങ്ങളുടെ 84 ജന്മം പൂർത്തിയായി. ഈ അന്തിമ ജന്മം ബാക്കിയാണ്. ഭഗവാനുവാച, ഭഗവാൻ എല്ലാവർക്കും ഒന്നാണ്. കൃഷ്ണനെ മറ്റ് ധർമ്മത്തിൽ പെട്ടവർ ഭഗവാനായി അംഗീകരിക്കില്ല. നിരാകാരനേ മാത്രമേ അംഗീകരിക്കൂ. നിരാകാരൻ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. പറയുന്നു, ഞാൻ അനേക ജന്മങ്ങളിലെ അന്തിമത്തിൽ  വന്ന് ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. രാജ്യം സ്ഥാപിതമാകും പിന്നീട് വിനാശം ആരംഭിക്കും

ഞാൻ പോകുകയും ചെയ്യും. ഇതാണ് വളരെ വലിയ യജ്ഞം മറ്റ് ഏതെല്ലാം യജ്ഞങ്ങളുണ്ടോ അവയെല്ലാം ഇതിൽ സ്വാഹയാകും. ലോകത്തിലെ മുഴുവൻ അഴുക്കും ഇതിൽ വന്ന് വീഴും പിന്നീട് മറ്റ് യജ്ഞങ്ങളൊന്നും രചിക്കുന്നില്ല. ഭക്തിമാർഗ്ഗം അവസാനിക്കുന്നു. സത്യ- ത്രേതായുഗത്തിന് ശേഷം വീണ്ടും ഭക്തി ആരംഭിക്കും. ഇപ്പോൾ ഭക്തി പൂർണമാകുന്നു. ഈ മഹിമയെല്ലാം ശിവബാബയ്ക്കാണ്. ഒന്നും അറിയില്ലെങ്കിലും ആ ശിവബാബയ്ക്ക് അത്രയും പേരുകൾ നൽകുന്നു. ഇത് ശിവനാണ്, പിന്നീട് രുദ്രൻ, സോമനാഥൻ, ബാബുരീനാഥൻ എന്നെല്ലാം പറയുന്നു. അനേകം പേരുകൾ വെച്ചിരിക്കുന്നു. ഏത് പോലെയാണോ സേവനം ചെയ്യുന്നത് അതിനനുസരിച്ച് പേരും നൽകുന്നു. നിങ്ങളെ സോമരസം കുടിപ്പിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ മാതാക്കൾ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നതിന് നിമിത്തമായിരിക്കുന്നു. പവിത്രതയുള്ളവർക്ക് തന്നേയാണ് വന്ദനം ലഭിക്കുന്നത്. അപവിത്രർ പവിത്രരെ വന്ദിക്കുന്നു. കന്യകമാരെ എല്ലാവരും തലയിൽ വെക്കുന്നു. ഈ ബ്രഹ്മാകുമാർ കുമാരിമാർ ഭാരതത്തെ ഉയർത്തി കൊണ്ടിരിക്കുന്നു. പവിത്രമായി ബാബയിൽ നിന്ന് പവിത്ര ലോകത്തിന്റെ സമ്പത്തെടുക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും പവിത്രമായി മാറണം, ഇതിലാണ് പരിശ്രമം വേണ്ടത്. കാമം മഹാശത്രുവാണ്. കാമമില്ലാതെ ഇരിക്കാൻ സാധിക്കാതെ മർദ്ദിക്കാൻ തുടങ്ങുന്നു. രുദ്രയജ്ഞത്തിൽ അബലകളിൽ അത്യാചാരം നടക്കുന്നു. മർദ്ദനം അനുഭവിച്ചനുഭവിച്ച് അവരുടെ പാപത്തിന്റെ കുടം നിറയുന്നു അപ്പോൾ വിനാശം ഉണ്ടാകുന്നു. ധാരാളം കുട്ടികളുണ്ട്, ഒരിക്കലും കാണുക പോലും ചെയ്യാത്തവർ, അവർ ബാബാ ഞങ്ങൾക്കങ്ങയെ അറിയാം എന്നെഴുതാറുണ്ട്. അങ്ങയിൽ നിന്ന് സമ്പത്തെടുക്കുന്നതിന് തീർച്ചയായും പവിത്രമായി മാറും. ബാബ മനസിലാക്കി തരുന്നു, ശാസ്ത്രങ്ങൾ പഠിക്കുക, തീർത്ഥാടനം ചെയ്യുക എന്നീ ഭക്തിമാർഗ്ഗത്തിലെ സ്ഥൂല യാത്രകളെല്ലാം നടത്തിയാണ് വന്നിരിക്കുന്നത്, ഇപ്പോൾ നിങ്ങൾക്ക് മടങ്ങി പോകണം, അതിനാൽ എന്നോട് യോഗം വെക്കൂ. മറ്റ് സംഗങ്ങളെല്ലാം ഉപേക്ഷിച്ച് എന്നോട് മാത്രം സംഗം വെക്കുകയാണെങ്കിൽ നിങ്ങളെ കൂടെ പോകും പിന്നീട് സ്വർഗ്ഗത്തിൽ അയക്കും. അത് ശാന്തീധാമാണ്. അവിടെ ആത്മാക്കൾ ഒന്നും സംസാരിക്കുന്നില്ല. സത്യയുഗം സുഖധാമമാണ്, ഇത് ദു:ഖധാമമാണ്. ഇപ്പോൾ ഈ ദു:ഖധാമിലിരുന്ന് ശാന്തീധാമിനേയും സുഖധാമിനേയും ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിൽ പോകും. നിങ്ങൾ 84 ജന്മം എടുത്തു. വർണ്ണത്തിൽ കറങ്ങി വന്നു. ആദ്യം ബ്രാഹ്മണരുടെ കുടുമ, പിന്നെ ദേവതാവർണ്ണം, ക്ഷത്രിയ വർണ്ണം, കുട്ടിക്കരണം മറിഞ്ഞു കളിക്കുകയല്ലേ, വീണ്ടും ഇപ്പോൾ നമ്മൾ ബ്രാഹ്മണരിൽ നിന്ന് ദേവതയാകും. ഈ ചക്രം കറങ്ങി കൊണ്ടിരിക്കുന്നു, ഇത് മനസ്സിലാക്കുന്നതിലൂടെ ചക്രവർത്തീ രാജാവാകും. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് വേണം. എങ്കിൽ തീർച്ചയായും ബാബയുടെ മതമനുസരിച്ച് നടക്കണം. നിരാകാരനായ പരമാത്മാവ് വന്ന് ഈ സാകാര ശരീരത്തിൽ പ്രവേശിച്ചു എന്ന് നിങ്ങൾ മനസിലാക്കി. നമ്മളാത്മാക്കൾ നിരാകാരിയാകുമ്പോൾ അവിടെ വസിക്കുന്നു. ഇത് സൂര്യ ചന്ദ്ര നക്ഷത്രങ്ങളാണ്. ഇതിനെ പരിധിയില്ലാത്ത രാവും പകലും എന്ന് പറയുന്നു. സത്യ ത്രേതായുഗം പകലും, ദ്വാപര കലിയുഗം രാത്രിയുമാണ്. ബാബ വന്ന് സദ്ഗതിമാർഗം പറഞ്ഞ് തരുന്നു. എത്ര നല്ല അറിവാണ് ലഭിക്കുന്നത്. സത്യയുഗത്തിൽ സുഖമായിരിക്കും, പിന്നെ കുറച്ച് കുറച്ച് കുറയുന്നു. സത്യയുഗത്തിൽ 16 കലകൾ, ത്രേതായിൽ 14 കലാ......ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അവിടെ ഒരിക്കലും അകാല മൃത്യു ഉണ്ടാകുന്നില്ല. കരച്ചിലിന്റേയും, വഴക്കിന്റേയും, യുദ്ധത്തിന്റേയും ഒന്നും കാര്യമില്ല, എല്ലാം പഠിത്തത്തിന്റെ ആധാരത്തിലായിരിക്കും. പഠിത്തത്തിലൂടേ തന്നെയാണ് മനുഷ്യനിൽ നിന്ന് ദേവതയാകുന്നത്. ഭഗവാൻ- ഭഗവതിയാകുന്നതിന് വേണ്ടി ഭഗവാൻ പഠിപ്പിക്കുന്നു. അത് നയാ പൈസയുടെ പഠിത്തമാണ്, ഇത് വജ്ര തുല്യമായ പഠിത്തമാണ്. ഈ അന്തിമ ജന്മത്തിൽ മാത്രമാണ് പവിത്രമാകുന്ന കാര്യം. ഇത് സഹജമായതിലും സഹജമായ രാജയോഗമാണ്. വക്കീലാകുന്നതിനും മറ്റുമുള്ള പഠിത്തം ഇത്ര എളുപ്പമല്ല. ഇവിടെ ബാബയേയും ചക്രത്തേയും ഓർമ്മിക്കുന്നതിലൂടെ ചക്രവർത്തീ രാജാവാകും. ബാബയേ അറിയുന്നില്ല എന്നാൽ ഒന്നും തന്നെ അറിയില്ല എന്നാണ്. ബാബ സ്വയം വിശ്വത്തിന്റെ അധികാരിയാകുന്നില്ല, കുട്ടികളെ ആക്കി തീർക്കുന്നു. ശിവബാബ പറയുന്നു ഇദ്ദേഹം (ബ്രഹ്മാവ്) മഹാരാജാവാകും, ഞാനാകുന്നില്ല. ഞാൻ നിർവ്വാണധാമിൽ ഇരിക്കുന്നു, കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. സത്യം സത്യമായ നിഷ്ക്കാമ സേവ നിരാകാരനായ പരമാത്മാവിന് മാത്രമേ ചെയ്യാൻ കഴിയൂ, മനുഷ്യർക്ക് ചെയ്യാൻ സാധിക്കില്ല. ഈശ്വരനെ നേടുന്നതിലൂടെ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാകുന്നു. ഭൂമിയുടേയും ആകാശത്തിന്റേയും എല്ലാം അധികാരിയാകുന്നു. ദേവതമാർ വിശ്വത്തിന്റെ അധികാരിയായിരുന്നില്ലേ. ഇപ്പോൾ എത്ര വിഭാഗങ്ങളായിരിക്കുന്നു. ഇപ്പോൾ വീണ്ടും ബാബ പറയുന്നു, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. സ്വർഗ്ഗത്തിൽ നിങ്ങൾ തന്നേയായിരിക്കും. ഭാരതം വിശ്വത്തിന്റെ അധികാരിയായിരുന്നു, ഇപ്പോൾ ദരിദ്രമായി. വീണ്ടും ഈ മാതാക്കളിലൂടെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ഭൂരിപക്ഷം മാതാക്കൾക്ക് തന്നേയാണ് അതിനാലാണ് വന്ദേമാതരം എന്ന് പറയുന്നത്.

സമയം കുറവാണ്, ശരീരത്തിൽ വിശ്വാസമില്ല. എല്ലാവർക്കും മരിക്കണം. എല്ലാവർക്കും വാനപ്രസ്ഥാവസ്ഥയാണ്, എല്ലാവർക്കും മടങ്ങി പോകണം. ഇത് ഭഗവാനാണ് പഠിപ്പിക്കുന്നത്. ആ ഭഗവാനേയാണ് ജ്ഞാനസാഗരൻ, ശാന്തിസാഗരൻ, ആനന്ദസാഗരൻ എന്നെല്ലാം പറയുന്നത്. ആ ഭഗവാൻ തന്നേയാണ് ഇങ്ങിനെ സർവ്വഗുണ സമ്പന്നനും, 16 കലാസമ്പൂർണ്ണനും ആക്കി തീർക്കുന്നത്. ശരി ! വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ഈ പഠിത്തം വജ്രതുല്യമാക്കുന്നു, അതിനാൽ ഇത് നന്നായി പഠിക്കണം, മറ്റ് സംഗങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു ബാബയുമായി സംഗം വെക്കണം.

2. ശ്രീമതമനുസരിച്ച് നടന്ന് സ്വർഗ്ഗത്തിലെ മുഴുവൻ സമ്പത്തും എടുക്കണം. നടക്കുമ്പോഴും കറങ്ങുമ്പോഴും സ്വദർശന ചക്രം കറക്കി കൊണ്ടിരിക്കണം.

## വരദാനം - എന്റേതെന്ന ഭാവത്തെ ഉപേക്ഷിച്ച് സൂക്ഷിപ്പുകാരനായി സേവനം ചെയ്യുന്ന സദാ സന്തുഷ്ടആത്മാവായി ഭവിക്കട്ടെ.

ലൗകിക കുടുംബത്തിൽ കഴിഞ്ഞുകൊണ്ടും സേവനം ചെയ്തുകൊണ്ടും സദാ ഓർമയുണ്ടാകണം- ഞാൻ ട്രസ്റ്റിയാണ്, സേവാധാരിയാണ്. സേവനം ചെയ്തും അൽപവും എന്റേതെന്ന ഭാവം വരരുത് എങ്കിൽ സന്തുഷ്ടമായിരിക്കും. എപ്പോൾ എന്റേതെന്ന ഭാവം വരുന്നുവോ അപ്പോൾ അസ്വസ്ഥമാകുന്നു, ചിന്തിക്കുന്നു എന്റെ കുട്ടി ഇങ്ങനെ ചെയ്യുന്നു... അപ്പോൾ എവിടെ എന്റെ എന്ന ഭാവമുണ്ടോ അവിടെ അസ്വസ്ഥത ഉണ്ടാകുന്നു എവിടെ നിന്റെ നിന്റെ വന്നുവോ അവിടെ ഒഴുകുന്ന അനുഭവമാകുന്നു.നിന്റെ നിന്റെ പറയുക അർഥം സ്വമാനത്തിൽ കഴിയുക, എന്റെ എന്റെ പറയുക അർഥം അഭിമാനത്തിലേക്ക് വരിക.

## സ്ലോഗൻ - ബുദ്ധിയിൽ ഓരോ സമയത്തും ബാബയുടെയും ശ്രീമതത്തിന്റെയും സ്മൃതിയുണ്ടാകണം അപ്പോൾ പറയും ഹൃദയം കൊണ്ട് സമർപ്പിച്ച ആത്മാവ്.